ആലപ്പുഴ മെഗാ ടൂറിസം പദ്ധതി

113(405) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയിൽ ഏതെല്ലാം പ്രദേശങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഓരോ പ്രദേശങ്ങളിലും ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ പദ്ധതിക്കും എത്ര തുപവീതമാണ് വക കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിക്കാവശ്യമായ തുക എവിടെനിന്നുമാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(എഫ്) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാർ എത്ര തുക ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-എഫ്) ആലപ്പുഴയുടെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ട് മെഗാ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇങ്ങനെ ഒരു മെഗാ ടൂറിസം പദ്ധതി നടപ്പാക്കുമ്പോൾ, ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ചെയ്താൽ മാത്രമേ പദ്ധതിയുടെ പൂർണ്ണതോതിലുള്ള പ്രയോജനം ലഭിക്കുകയുള്ളൂ. ആയതിനാൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് M/s. മാധവൻപിള്ള അസോസിയേറ്റ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാകും മെഗാ ടൂറിസം പദ്ധതി നടപ്പാക്കുക. മെഗാ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രദേശങ്ങൾ, ഓരോ പ്രദേശങ്ങളിലും നടപ്പാക്കേണ്ടുന്ന പദ്ധതികൾ, ചെലവഴിക്കേണ്ടുന്ന തുക തുടങ്ങിയ വിശദാംശങ്ങൾ മാസ്റ്റർ പ്ലാനിന്റെ പൂർത്തീകരണത്തിന് ശേഷമായിരിക്കും തീരുമാനിക്കുന്നത്. പദ്ധതിക്കാവശ്യമായ തുക സംസ്ഥാന-കേന്ദ്ര സർക്കാർ സഹായത്തോടെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടില്ല. തദ്വിഷയമായി നടത്തുന്ന ചർച്ചകളുടെ കൂടി അടിസ്ഥാനത്തിലാകും മാസ്റ്റർ പ്ലാനിന് അന്തിമ രൂപം നൽകി മെഗാ ടൂറിസം പദ്ധതി നടപ്പാക്കുക.

LIBRARY ARCHIVES Kerala Legislative Assembly